## കേരള കാർഷിക സർവകലാശാല

### ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി

നമ്പർ. F4/1664/2025 | തീയതി : 13/05/2025

**ക്വട്ടേഷൻ നോട്ടീസ്**

ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണിയിലേക്ക് അടുത്ത ഒരു വർഷ കാലയളവിലേക്ക് വേപ്പിൻ പിണ്ണാക്ക് (Neem Cake) വിതരണം ചെയ്ത് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | F4/1664/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 22/05/2025, 11 AM |
| ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും | 22/05/2025, 12 PM |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട മേൽവിലാസം | പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി |
| **മേലെഴുത്ത് : വേപ്പിൻ പിണ്ണാക്ക് ((Neem Cake) വിതരണം ചെയ്യുന്നതിനായുള്ള ക്വട്ടേഷൻ** | |

1. ഒരു കിലോ വേപ്പിൻ പിണ്ണാക്ക് (Neem Cake) ഈ സ്ഥാപനത്തിൽ എത്തിച്ച് നൽകാൻ ആവശ്യമുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. **(GST,വണ്ടി വാടക, കയറ്റിറക്ക് കൂലി എല്ലാം ഉൾപ്പടെ)**

2. സാധനങ്ങളുടെ ഗുണനിലവാരം ആവശ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ഫാം ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തേണ്ടതാണ്.

3. വിതരണ ഉത്തരവ് ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഈ സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന ദിവസങ്ങളിൽ തന്നെ സാധനം എത്തിച്ച് നൽകേണ്ടതാണ്.

4. മേൽപ്പറഞ്ഞ തീയതിയും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ മേൽപ്പറഞ്ഞ തീയതിയിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ യുക്തമെന്ന് തോന്നുന്ന പക്ഷം കരാർ ഉറപ്പിച്ച് നൽകുന്നതുമായിരിക്കും.

5. മേൽപ്പറഞ്ഞ ദിവസങ്ങൾ ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത ദിവസം 11.00 AM വരെ സ്വീകരിക്കുകയും 12.00 pm ന് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

6. ക്വട്ടേഷൻ കാലാവധിക്കുള്ളിൽ ക്വട്ടേഷനിൽ സൂചിപ്പിക്കുന്ന നിരക്കും മറ്റ് നിബന്ധനകളും മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

7. ക്വട്ടേഷൻ അംഗീകരിച്ച ശേഷം അതിൽ നിന്നും പിൻമാറുന്ന പക്ഷം കേരള സ്റ്റോർ പർച്ചേസ് നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

8. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതനോ, നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

9. സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

10. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
**ഡോ. ഉഷ സി തോമസ്**
**പ്രൊഫസർ ആന്റ് ഹെഡ്**

സ്വീകർത്താവ്
നോട്ടീസ് ബോർഡ്/കെ.എ.യു. വെബ്സൈറ്റ്.
പകർപ്പ് : ശ്രീമതി ലേഖ ബി. നായർ, ഫാം മാനേജർ ഗ്രേഡ് 1/കരുതൽ.

//സെക്ഷൻ ഓഫീസർ//

എ.ജെ.13.05.25